കൊച്ചി പോലീസ്
KOCHI POLICE

# കഞ്ചവുമായി മൂന്ന് ഒഡീഷക്കാർ അറസ്റ്റിൽ

ഒഡീഷക്കാരായ മൂന്ന് യുവാക്കളെ മൂന്ന് കിലോഗ്രാം കഞ്ചവുമായി തൃക്കാക്കരപോലീസും, കൊച്ചി സിറ്റി ഡാൻസാഫും ചേർന്ന് പിടികൂടി. ഒഡീഷ സ്വദേശികളായ ബൗദ് ബുദുപാലി തുരനാലിയിൽ പ്രകാശ് ബഹ്റ (25), രാജ ബഹ്റ, മനോജ് കുമാർ (40) എന്നിവരാണ് അറസ്റ്റിലായത്..

കൊച്ചിയിലെ വ്യവസായ മേഖലയായ കാക്കനാട്, തൃക്കാക്കര ഭാഗങ്ങളിൽ തൊഴിലെടുക്കുന്ന അന്യസംസ്ഥാനക്കാർക്കും, വിദ്യാർത്ഥികൾക്കും വൻതോതിൽ കഞ്ചാവ് വില്പന നടത്തുന്നതായി വിവരം ലഭിച്ച് അന്വേഷിച്ചുവരുകയായിരുന്നു. പ്രതികളിൽ പ്രകാശ് വർഷങ്ങളായി തൃക്കാക്കരയിലുള്ള സ്വകാര്യ കമ്പനിയിലെ തൊഴിലാളിയാണ്. ഇയാളാണ് മറ്റു രണ്ടുപേർ ഒഡിഷയിൽ നിന്ന് കൊണ്ടുവരുന്ന കഞ്ചാവ് ചെറുകിട വില്പനക്കാരിൽ എത്തിക്കുന്നത്.

ഒഡീഷയിലെ ഉൾവനകളിൽ താമസിക്കുന്ന ആദിവാസികളുടെ കൈയ്യിൽ നിന്നും കിലോഗ്രാമിന് 800 രൂപ നിരക്കിൽ വാങ്ങുന്ന കഞ്ചാവ് ഒരു ലക്ഷം രൂപ വരെയാണ് വിറ്റുവരവ്. പ്രതികളെ കോടതിയിൽ ഹാജരാക്കി.

കൊച്ചി സിറ്റി ഡെപ്യൂട്ടി കമ്മീഷണർ ജി. പൂങ്കുഴലി ഐ.പി.എസിന്റെ നിർദ്ദേശപ്രകാരം നാർക്കോട്ടിക് കൺട്രോൾ അസി. കമ്മീഷണർ വി. സുരേഷ്കുമാറിന്റെ നേതൃത്വത്തിൽ തൃക്കാക്കര ഇൻസ്പെക്ടർ ആർ.ഷാബു, എസ്.ഐ പി.പി. ജസ്റ്റിൻ, ഡാൻസാഫ് എസ്.ഐ. ജോസഫ് സാജൻ എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ **9497980430** എന്ന നമ്പറിൽ അറിയിക്കുക. അറിയിക്കുന്ന ആളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണെന്ന് ഡെപ്യൂട്ടി കമ്മിഷണർ അറിയിച്ചു.





